# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 3519

24.06.2013-ലെ മറുപടിക്ക്

### നെട്ടുകാൽത്തേരി തുറന്ന ജയിൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.റ്റി.ജോർജ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) കള്ളിക്കാട് - നെട്ടുകാൽത്തേരി തുറന്ന ജയിലിന് പ്രാരംഭഘട്ടത്തിൽ എത്ര ഏക്കർ സ്ഥലം ഉണ്ടായിരുന്നു; | എ) | നെട്ടുകാൽത്തേരി തുറന്ന ജയിലിന് പ്രാരംഭഘട്ടത്തിൽ 486 ഏക്കർ സ്ഥലം ഉണ്ടായിരുന്നു. |
| ബി) ഇതിൽ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന് എത്ര ഏക്കർ ഭൂമി കൈമാറിയിട്ടുണ്ട്? | ബി) | നെട്ടുകാൽത്തേരി തുറന്ന ജയിൽ വക സ്ഥലത്തു നിന്നും 2.2.2001-ലെ സർക്കാർ ഉത്തരവ് (കൈ) നം. 26/01/റവന്യൂ പ്രകാരം 12 ഏക്കർ സ്ഥലം കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന് കൈമാറിയിട്ടുണ്ട്. |
| സി) ജയിലിന്റെ വികസന പ്രവർത്തനങ്ങൾക്കും കൃഷിയ്ക്കും ഉപയോഗിച്ചതിനു ശേഷം അവശേഷിക്കുന്ന എത്ര ഏക്കർ ഭൂമി മറ്റ് വികസനങ്ങൾക്ക് നൽകാൻ സാധിക്കും; വിശദമാക്കാമോ? | സി) | ഇപ്പോൾ നിലവിലുള്ള മുഴുവൻ കൃഷി സ്ഥലത്ത് വിവിധ തരത്തിലുള്ള കൃഷികളും മറ്റു പദ്ധതികളും നടത്തി വരുന്നതിനാൽ നെട്ടുകാൽത്തേരി തുറന്ന ജയിൽ വക സ്ഥലത്ത് നിലവിലുള്ള ഭൂമിയിൽ ബാക്കി സ്ഥലം ഇല്ല എന്നും മറ്റ് വികസന പ്രവർത്തനങ്ങൾക്കായി ഭൂമി നൽകാൻ സാധിക്കുകയില്ല എന്നും അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ